പി. മാരും കേരളത്തിന്റെ ആവശ്യത്തോട് യോജിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി പി.ജെ. ജോസഫിന്റെ നേതൃത്വത്തിൽ കേന്ദ്ര നിയമവകുപ്പുമന്ത്രി കൂടി ഉൾപ്പെട്ട എം.പി. മാരുടെ നിവേദകസംഘം ഡിസംബർ 6-ാം തീയതി പ്രധാനമന്ത്രിയെ കണ്ട് ആവശ്യം ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്.

(ഡി) ഇങ്ങനെ ഒരു റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ എലിപ്പനിബാധ

13 (*13)ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻ കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് എലിപ്പനി എവിടെയെല്ലാം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരപ്രാന്തപ്രദേശങ്ങളിൽ എലിപ്പനി പടരുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(സി) എലിപ്പനി ബാധയെ തുടർന്ന് വട്ടിയൂർക്കാവ് പ്രദേശങ്ങളിൽ മരിച്ചവരുടെ എണ്ണം എത്രയെന്നറിയിക്കുമോ;

(ഡി) രോഗം ചികിത്സിച്ചു ഭേദമാക്കാനും മറ്റു പ്രദേശങ്ങളിലേക്ക് പടന്നുപിടിക്കാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കേരളത്തിൽ ചിലയിടങ്ങളിൽ ഒറ്റപ്പെട്ട രീതിയിൽ അടുത്തകാലത്ത് എലിപ്പനിരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഈ രോഗം കൂടുതലായി കാണപ്പെടുന്നത്.

(ബി) തിരുവനന്തപുരം നഗരപ്രാന്ത പ്രദേശങ്ങളായ വട്ടിയൂർക്കാവ്, കടകംപള്ളി, പൂന്തുറ എന്നീ സ്ഥലങ്ങളിൽനിന്നും എലിപ്പനി രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) എലിപ്പനി രോഗബാധയെ തുടർന്ന് വട്ടിയൂർക്കാവിൽ ഒരാൾ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(ഡി) എലിപ്പനി രോഗം ബാധിച്ച രോഗികളെ ആശുപത്രികളിൽ കിടത്തി ചികിത്സ നടത്തി വരുന്നു. ഇതിനായി സാധാരണ ആന്റിബയോട്ടിക്കുകളായ പെൻസിലിൻ, ഡോക്സിസൈക്ലിൻ, എറിത്രോമൈസിൻ, ട്രെട്രോസൈക്ലിൻ ഇവയിൽ ഏതെങ്കിലും ഉപയോഗിക്കാറുണ്ട്. പ്രസ്തുത മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. കൂടാതെ പ്രതിരോധത്തിനായി ഡോക്സിസൈക്ലിൻ എന്ന ഗുളിക ആഴ്ചയിൽ ഒരു ദിവസം വീതം 3 ആഴ്ച തുടരെ രോഗം ബാധിക്കാൻ കൂടുതൽ സാദ്ധ്യതകളുള്ള ആളുകൾക്ക് കൊടുത്തുവരുന്നു.

രോഗാണുവാഹകരായ എലിയുടെ മൂത്രം കലർന്ന മലിനമായ ജലം, മണ്ണ് എന്നിവ വഴിയാണ് എലിപ്പനി പടരുന്നത്. കൈകാലുകളിലുള്ള മുറിവുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ കൂട്ടിയും കണ്ണ്, വായ് എന്നിവിടങ്ങളിലെ മൃദുല ചർമ്മത്തിൽ കൂടിയുമാണ് രോഗാണുക്കൾ മനുഷ്യശരീരത്തിൽ കടക്കുന്നത്. പത്രമാധ്യമങ്ങൾ വഴിയും ദൃശ്യശ്രവ്യമാധ്യമങ്ങൾ വഴിയും നിരന്തരം പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ദൂരദർശൻ വഴി രോഗലക്ഷണങ്ങളും രോഗം പകരാതിരിക്കുവാൻ ജനങ്ങൾ പാലിക്കേണ്ട നിർദ്ദേശങ്ങളും പ്രദർശിപ്പിച്ചു വരുന്നു. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നിർദ്ദേശങ്ങളും ഡോക്ടർമാർക്ക് രോഗനിർണ്ണയത്തിനു പ്രത്യേക ശ്രദ്ധപതിപ്പിക്കുവാൻ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഇതിനായി ടാക്സ്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിനെല്ലാം പുറമേ ഏറ്റവും ഫലപ്രദമായ പ്രതിരോധ നടപടി എലിനശീകരണം ആണ്. ഇതിനായി കൃഷിവകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഇതിനു വേണ്ട നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ പ്രസ്തുത വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അവശ്യ സാധനങ്ങളുടെ വില നിയന്ത്രണം

14 (*14)ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഡീസൽ വില വർദ്ധനവിനെത്തുടർന്ന് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് തടഞ്ഞു നിറുത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാനായി നിത്യോപയോഗ സാധനങ്ങളുടെ അന്തർ സംസ്ഥാന സ്വതന്ത്ര നീക്കത്തിന് നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) പൊതുവിതരണ രംഗം ശക്തമാക്കാൻ സാദ്ധ്യമായതെല്ലാം സർക്കാർ ചെയ്തു വരുന്നുണ്ട്. റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ആട്ട എന്നിവ വിതരണം ചെയ്യുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ള 42% കുടുംബങ്ങൾക്ക് 4 രൂപ നിരക്കിൽ 10 കിലോഗ്രാം അരി വീതം

LIBRARY ARCHIVES Kerala Legislative Assembly